പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 4589 29.06.2012- ൽ മറുപടിക്ക്

## വിദേശ ജയിലുകളിലടയ്ക്കപ്പെട്ട മലയാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)വിവിധ കാരണങ്ങളാൽ അറേബ്യൻ രാജ്യങ്ങളിലെ ജയിലുകളിലടയ്ക്കപ്പെട്ട മലയാളികളെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. |
| (ബി)ഇത്തരക്കാർക്ക് നിയമ സഹായം നൽകുന്നതിനും അർഹരായവരെ മോചിപ്പിക്കുന്നതിനും സർക്കാർ മുൻകൈയ്യെടുക്കുമോ എന്ന് വ്യക്തമാക്കുമോ;<br><br>(സി)ഈ സർക്കാർ അധികാരമേറ്റ ശേഷം വിദേശ ജയിലുകളിലടയ്ക്കപ്പെട്ട മലയാളികളുടെ മോചനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി & സി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്. വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ |

കേസുകളിൽ കുടുങ്ങിയവരെയും മറ്റു നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഗൾഫ് നാടുകളിലെ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ കേരളീയരെ തിരികെ നാട്ടിൽ എത്തിക്കുന്നതിന് സ്വപ്ന സാഫല്യം പദ്ധതിക്ക് രൂപം നൽകി സൗദി അറേബ്യയിൽ പ്രാബല്ല്യത്തിൽ വരുത്തിക്കഴിഞ്ഞു. 25 ൽപരം ഹതഭാഗ്യർ ഈ പദ്ധതി ആനുകൂല്യത്തിന്റെ ഭാഗമായി നാട്ടിലെത്തിയിട്ടുണ്ട്. 2013 – ൽ ഈ പദ്ധതി ഗൾഫ് രാജ്യങ്ങളിൽ എല്ലാം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. 2012 – 13 – ൽ 50 ലക്ഷം രൂപ ഇതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ